**മധുരമായ കുട്ടികളെ – നിങ്ങളുടെ യാത്ര ബുദ്ധികൊണ്ടുള്ളതാണ്, ഇതിനെ തന്നെയാണ് ആത്മീയ യാത്ര എന്ന് പറയുന്നത്. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നു, ശരീരമല്ല. ശരീരമാണെന്ന് കരുതുക അർഥം തലകീഴായി കിടക്കുക**

**ചോദ്യം:–** മായയുടെ ഷോ കൊണ്ട് മനുഷ്യന് ഏതൊരു അന്തസ്സാണ് ലഭിക്കുന്നത്?
**ഉത്തരം:–** ആസുരീയ അന്തസ്സ്. മനുഷ്യർ ഇന്ന് ആർക്കെങ്കിലും അൽപം ആദരവ് നൽകിയാൽ നാളെ അവരുടെ തന്നെ ഗ്ലാനിയും ചെയ്യുന്നു, നിന്ദിക്കുന്നു. മായ എല്ലാവരെയും അന്തസ്സില്ലാത്തവരും പതിതരുമാക്കി മാറ്റി. നിങ്ങളെ ദൈവീക അന്തസ്സുള്ളവരാക്കി മാറ്റുന്നതിനു വേണ്ടി ബാബ വന്നിരിക്കുകയാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മാക്കളോട് ചോദിക്കുകയാണ് – എവിടെയാണ് ഇരിക്കുന്നത്? വിശ്വത്തിലെ ആത്മീയ യൂണിവേഴ്സിറ്റിയിലാണെന്ന് നിങ്ങൾ പറയും. ആത്മീയത ഇതിന്റെ അർത്ഥം മറ്റുള്ളവർക്ക് അറിയില്ല. ലോകത്ത് അനേക വിശ്വ വിദ്യാലയങ്ങളുണ്ട്. വിശ്വത്തിലെ ഒരേയൊരു ആത്മീയ വിദ്യാലയമാണ് ഇത്. പഠിപ്പിക്കുന്നതും ഒരാൾ മാത്രമാണ്. എന്താണ് പഠിപ്പിക്കുന്നത്? ആത്മീയ ജ്ഞാനം. അപ്പോൾ ഇത് ആത്മീയ വിദ്യാലയമാണ്. അർത്ഥം ആത്മീയ പാഠശാല. സ്പിരിചൽ അതായത് ആത്മീയ ജ്ഞാനം പഠിപ്പിക്കുന്നതാരാണ്? ഇതും നിങ്ങൾ കുട്ടികൾ ഇപ്പോഴാണ് അറിയുന്നത്. ആത്മീയ അച്ഛൻ ആത്മീയ ജ്ഞാനം പഠിപ്പിക്കുകയാണ്, അതുകൊണ്ടാണ് ബാബയെ ടീച്ചറെന്നും പറയുന്നത്. ആത്മീയ അച്ഛൻ പഠിപ്പിക്കുകയാണ്. പിന്നെന്താണ് സംഭവിക്കുക? ഈ ആത്മീയ ജ്ഞാനത്തിലൂടെ നമ്മൾ നമ്മുടെ ആദി സനാതന ദേവി ദേവത ധർമ്മം സ്ഥാപിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഒരു ധർമ്മത്തിന്റെ സ്ഥാപനയും ബാക്കി ഏതെല്ലാം ധർമ്മങ്ങളുണ്ടോ അതിന്റെയെല്ലാം വിനാശവും. ഈ ആത്മീയ ജ്ഞാനവുമായി മറ്റ് ധർമ്മങ്ങൾക്കുള്ള ബന്ധം എന്താണെന്നും നിങ്ങൾക്കറിയാം. ഒരു ധർമ്മത്തിന്റെ സ്ഥാപന നടക്കുന്നത് ഈ ആത്മീയ ജ്ഞാനത്തിലൂടെയാണ്. ഈ ലക്ഷ്മീ നാരായണൻ വിശ്വത്തിന്റെ അധികാരി ആയിരുന്നല്ലോ. അതിനെ ആത്മീയ ലോകമെന്നു പറയുന്നു. ഈ ആത്മ ജ്ഞാനത്തിലൂടെ നിങ്ങൾ രാജയോഗം പഠിക്കുകയാണ്. രാജധാനിയുടെ സ്ഥാപന ഉണ്ടാകുന്നു. ശരി, ഇനി മറ്റു ധർമ്മങ്ങളുമായി എന്ത് ബന്ധമാണുള്ളത്? മറ്റെല്ലാ ധർമ്മങ്ങളും നശിക്കും. കാരണം നിങ്ങൾ പാവനമായി മാറുന്നത് കൊണ്ട് നിങ്ങൾക്ക് പുതിയ ലോകം ആവശ്യമാണ്. അനേക ധർമ്മങ്ങൾ ഇല്ലാതാകും, ഒരു ധർമ്മം മാത്രം ബാക്കിയാവും. വിശ്വത്തിൽ ശാന്തിയുടെ രാജ്യമെന്ന് അതിനെയാണ് പറയുന്നത്. ഇപ്പോൾ പതിതമായ അശാന്തിയുടെ രാജ്യമാണ്. പിന്നീട് പാവനമായ ശാന്തിയുടെ രാജ്യമുണ്ടാകും. ഇപ്പോൾ അനേക ധർമ്മങ്ങളുണ്ട്. വളരെയേറെ അശാന്തിയാണ്. എല്ലാവരും പതിതത്തിലും പതിതമാണ്. രാവണ രാജ്യമാണല്ലോ. 5 വികാരങ്ങളെ തീർച്ചയായും ഉപേക്ഷിക്കണമെന്ന് ഇപ്പോൾ കുട്ടികൾക്കറിയാം. ഇതിനെ കൂടെ കൊണ്ടു പോകരുത്. ആത്മാവ് നല്ലതും മോശവുമായ സംസ്ക്കാരം എടുക്കുമല്ലോ. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികളെ പവിത്രമാക്കി മാറ്റുന്നതിനുള്ള കാര്യങ്ങൾ പറഞ്ഞു തരുകയാണ്. ആ പാവന ലോകത്തിൽ ഒരു തരത്തിലുമുള്ള ദുഃഖവും ഉണ്ടായിരിക്കുകയില്ല. ഈ ആത്മീയ ജ്ഞാനം പഠിപ്പിക്കുന്നതാരാണ്? ആത്മീയ പിതാവ്. എല്ലാ ആത്മാക്കളുടെയും പിതാവ്. ആത്മീയ അച്ഛൻ എന്താണ് പഠിപ്പിക്കുന്നത്? ആത്മീയ ജ്ഞാനം. ഇതിൽ ഒരു തരത്തിലുമുള്ള പുസ്തകത്തിന്റെയും ആവശ്യമില്ല. കേവലം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. പാവനമായി മാറണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് അവസാനം സദ്ഗതി നേടണം. ഇതാണ് ഓർമ്മയുടെ യാത്ര. യാത്ര എന്ന വാക്ക് നല്ലതാണ്. അത് ഭൗതിക യാത്രകളാണ്, ഇത് ആത്മീയ യാത്രയും. ഭൗതിക യാത്രയിൽ നടക്കേണ്ടിവരും, കൈയ്യും കാലുമൊക്കെ ചലിപ്പിക്കണം. ആത്മീയ യാത്രയിൽ അതിന്റെയൊന്നും ആവശ്യമില്ല. കേവലം ഓർമ്മിക്കണം. എവിടെ വേണമെങ്കിലും ചുറ്റിക്കറങ്ങിക്കോളൂ. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ബുദ്ധിമുട്ടിന്റെ കാര്യമില്ല, കേവലം ഓർമ്മിച്ചാൽ മതി. യാഥാർത്ഥ്യവും ഇതാണല്ലോ. മുമ്പ് നിങ്ങളുടെ പ്രവൃത്തി തലതിരിഞ്ഞതായിരുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നതിനു പകരം ശരീരമാണെന്ന് കരുതി, ഇതിനെ തന്നെയാണ് തലതിരിഞ്ഞതെന്ന് പറയുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുക – ഇതാണ് ശരിയായ കാര്യം. അള്ളാഹു എപ്പോൾ വരുന്നോ അപ്പോൾ പാവനമാക്കി മാറ്റുന്നു. അള്ളാഹുവിന്റേത് പാവന ലോകവും, രാവണന്റേത് പതിതവും. ദേഹാഭിമാനത്തിൽ വന്ന് ഇപ്പോൾ തല തിരിഞ്ഞുപോയി. ദേഹീ അഭിമാനിയായി മാറുന്നത് ഈ ഒരു തവണ മാത്രമാണ്. അതുകൊണ്ട് നിങ്ങൾ അള്ളാഹുവിന്റെ കുട്ടികളാണ്. സ്വയം

അള്ളാഹുവെന്ന് പറയില്ല. സദാ മുകളിലേയ്ക്ക് വിരൽ ചൂണ്ടുമ്പോൾ അതാണ് അള്ളാഹുവെന്ന് വ്യക്തമാകുന്നു. അപ്പോൾ തീർച്ചയായും ഇവിടെയുള്ളവർ വേറെയാണ്. നമ്മൾ ആ അള്ളാഹുവായ ബാബയുടെ കുട്ടികളാണ്. നമ്മൾ സഹോദര – സഹോദരങ്ങളാണ്. ഞാൻ അള്ളാഹുവാണ് എന്ന് പറഞ്ഞാൽ തലകീഴാകും. കാരണം നാമെല്ലാവരും അച്ഛനാകും. എന്നാൽ അച്ഛൻ ഒന്നുമാത്രമേയുള്ളൂ. ആ ബാബയെയാണ് ഓർമ്മിക്കേണ്ടത്. അള്ളാഹു സദാ പവിത്രമാണ്. അള്ളാഹു സ്വയമിരുന്ന് പഠിപ്പിക്കുകയാണ്. ഈ ചെറിയൊരു കാര്യത്തിൽ മനുഷ്യർക്ക് എത്രയാണ് ആശയക്കുഴപ്പം. ശിവജയന്തിയും ആഘോഷിക്കാറുണ്ടല്ലോ.

കൃഷ്ണന് ആ പദവി നൽകിയതാരാണ്? ശിവബാബ. ശ്രീകൃഷ്ണൻ സ്വർഗത്തിലെ ആദ്യ രാജകുമാരനാണ്. പരിധിയില്ലാത്ത ബാബയാണ് കൃഷ്ണന് രാജ്യഭാഗ്യം നൽകുന്നത്. ബാബ പുതിയ ലോകമാകുന്ന സ്വർഗത്തിന്റെ സ്ഥാപന ചെയ്യുമ്പോൾ അവിടുത്തെ നമ്പർ വൺ രാജകുമാരനാണ് ശ്രീകൃഷ്ണൻ. ബാബ കുട്ടികൾക്ക് പവിത്രമായി മാറുന്നതിനുള്ള യുക്തി പറഞ്ഞു തരുകയാണ്. കുട്ടികൾക്കറിയാം, വൈകുണ്ഢം വിഷ്ണു പുരിയെന്നെല്ലാം പറയുന്ന സ്വർഗം കടന്നു പോയി, ഇനി ഭാവിയിൽ വീണ്ടും വരും. ചക്രം കറങ്ങി കൊണ്ടിരിക്കുമല്ലോ. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾ കുട്ടികൾക്കാണ് ലഭിക്കുന്നത്. ഇത് ധാരണ ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം. എല്ലാവരും ടീച്ചറാവണം. ഇനി ടീച്ചറായി മാറുന്നതിലൂടെ ലക്ഷ്മീ–നാരായണനായി മാറും – അങ്ങിനെയുമില്ല. ടീച്ചറാകുന്നതിലൂടെ നിങ്ങൾക്ക് പ്രജകളെ സൃഷ്ടിക്കാൻ കഴിയും. എത്രത്തോളം അനേകരുടെ മംഗളം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടാനും സാധിക്കും. സ്മൃതിയും ഉണ്ടായിരിക്കും. ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ബാഡ്ജിലൂടെ മനസ്സിലാക്കി കൊടുക്കൂ. ബാബ പതിത പാവനനാണ്, ലിബറേറ്ററാണ്. പാവനമാക്കി മാറ്റുന്നയാളാണ്. ഭക്തർക്ക് അനേകരെ ഓർമ്മിക്കണം. മൃഗങ്ങൾ, ആന, കുതിര, ആമ, മത്സ്യത്തെയുമെല്ലാം അവതാരമെന്ന് പറയുന്നു. അതിനെയെല്ലാം പൂജിക്കുന്നു. ഭഗവാൻ സർവ്വവ്യാപി അർത്ഥം സർവ്വതിലും ഉണ്ടെന്ന് മനസ്സിലാക്കുന്നു. അതുകൊണ്ട് എല്ലാവരെയും കഴിപ്പിക്കുന്നു. ശരി, കണ – കണങ്ങളിൽ ഭഗവാനുണ്ടെന്ന് പറയുന്നുണ്ടല്ലോ. കണകണങ്ങളെ എങ്ങിനെ കഴിപ്പിക്കും. തികച്ചും വിവേകത്തിനും അപ്പുറത്താണ്. ലക്ഷ്മീനാരായണൻ മുതലായ ദേവീദേവതകൾ ഒരിക്കലും ഇങ്ങനെയുള്ള പ്രവൃത്തി ചെയ്യില്ല. ഉറുമ്പുകൾക്ക് അന്നം കൊടുക്കും, അവർക്കും ഇവർക്കും കൊടുക്കും. അതുകൊണ്ട് ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ റിലീജിയോ പൊളിറ്റിക്കൽ ആണ്. നിങ്ങൾക്കറിയാം നമ്മൾ ധർമ്മം സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ് . രാജ്യം സ്ഥാപിക്കാൻ മിലിട്ടറി ഉണ്ട്. പക്ഷെ നിങ്ങൾ ഗുപ്തമാണ്. നിങ്ങളുടേത് ആത്മീയ യൂണിവേഴ്സിറ്റിയാണ്. മുഴുവൻ ലോകത്തിലും ഏതെല്ലാം മനുഷ്യരുണ്ടോ എല്ലാവരും ഈ ധർമ്മങ്ങളിൽ നിന്നെല്ലാം വേറിട്ട് തന്റെ വീട്ടിലേയ്ക്ക് പോകും. എല്ലാ ആത്മാക്കളും പോകും. ആത്മാക്കൾക്ക് വസിക്കാനുള്ള വീടാണത്. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ പഠിച്ചു കൊണ്ടിരിക്കുകയാണ്. പിന്നീട് സത്യയുഗത്തിൽ പോയി രാജ്യം ഭരിക്കും, അവിടെ വേറെ ഒരു ധർമ്മവും ഉണ്ടായിരിക്കുകയില്ല. ബാബാ അങ്ങ് എന്താണോ നൽകിയത് അത് വേറെയാർക്കും നൽകാൻ സാധിക്കില്ല എന്ന് പാട്ടും ഉണ്ടല്ലോ. മുഴുവൻ ആകാശവും ഭൂമിയും നിങ്ങളുടേതായിരിക്കും. മുഴുവൻ വിശ്വത്തിന്റെയും അധികാരിയായി മാറുന്നതും നിങ്ങൾ മാത്രമാണ്. പുതിയ ലോകത്തിൽ ഈ എല്ലാ കാര്യങ്ങളും മറന്നു പോകും എന്ന കാര്യവും നിങ്ങൾക്കിപ്പോൾ മനസ്സിലായി. ആത്മീയ ജ്ഞാനമെന്ന് പറയുന്നത് ഇതിനെയാണ്. നമ്മൾ 5000 വർഷങ്ങൾക്കു ശേഷം രാജ്യം നേടുമെന്നും പിന്നീട് നഷ്ടപ്പെടുത്തുമെന്നുമുള്ള കാര്യം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഈ 84ന്റെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. എപ്പോഴാണോ പഠിപ്പ് പഠിക്കാൻ തുടങ്ങുന്നത് അപ്പോഴല്ലേ തിരിച്ച് പോകാൻ സാധിക്കൂ. പഠിച്ചില്ലെങ്കിൽ പുതിയ ലോകത്തിലേയ്ക്ക് പോകാനും സാധിക്കില്ല. അവിടെയാണെങ്കിൽ ലിമിറ്റഡ് നമ്പറാണ്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അവിടെ പോയി പദവി നേടും. ഇത്രയും മനുഷ്യരുണ്ട്. എല്ലാവരും പഠിക്കില്ല. അഥവാ എല്ലാവരും പഠിക്കുകയാണെങ്കിൽ അടുത്ത ജന്മത്തിൽ രാജ്യം നേടും. പഠിക്കുന്നവരിലും ലിമിറ്റുണ്ട്. സത്യ–ത്രേതാ യുഗത്തിൽ വരുന്നവർ മാത്രമേ പഠിക്കുകയുള്ളൂ. നിങ്ങൾക്ക് അനേകം പ്രജകളും ഉണ്ടായികൊണ്ടിരിക്കുന്നുണ്ട്. വളരെ വൈകി വരുന്നവർക്ക് പാപം ഭസ്മമാക്കാൻ സാധിക്കില്ല. പാപാത്മാക്കൾ പിന്നീട് ശിക്ഷ അനുഭവിച്ച് കുറഞ്ഞ പദവി നേടും. അന്തസ്സ് നഷ്ടമാകും. ഇപ്പോൾ മായയ്ക്ക് അന്തസ്സ് നൽകുന്നവരുടെ അന്തസ്സ് നഷ്ടമാകും. ഇത് ഈശ്വരീയ അന്തസ്സാണ്. അത് ആസുരീയ അന്തസ്സും. ഈശ്വരീയമായ അഥവാ ദൈവീകമായ അന്തസ്സിലും ആസുരീയ അന്തസ്സിലും രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ട്. നമ്മൾ ആസുരീയ അന്തസ്സുള്ളവരായിരുന്നു ഇപ്പോൾ വീണ്ടും ദൈവീക അന്തസ്സ് ഉള്ളവരായി മാറിക്കൊണ്ടിരിക്കുകയാണ്. ആസുരീയ അന്തസ്സിലൂടെ തികച്ചും യാചകരായി തീരുന്നു. ഇത് മുള്ളുകൾ നിറഞ്ഞ ലോകമായതുകൊണ്ട് അന്തസ്സ് നഷ്ടപ്പെട്ടു. ഇപ്പോൾ എത്ര അന്തസ്സുള്ളവരായി മാറുന്നു. ഏതുപോലെ രാജാവും റാണിയും അതുപോലെ പ്രജയും. പരിധിയില്ലാത്ത

ബാബ നിങ്ങളുടെ അന്തസ്സ് ഇത്രയും ഉയർന്നതാക്കി മാറ്റുമ്പോൾ അത്രയും പുരുഷാർത്ഥവും ചെയ്യേണ്ടേ. എല്ലാവരും പറയുന്നു, ഞങ്ങൾ അന്തസ്സ് ഇത്രയും ഉയർത്തും – നരനിൽ നിന്ന് നാരായണനും നാരിയിൽ നിന്ന് ലക്ഷ്മിയുമായി മാറും. ഇവരെക്കാൾ ഉയർന്ന അന്തസ്സ് വേറെയാർക്കും ഇല്ല. നരനിൽ നിന്ന് നാരായണനായി മാറുന്നതിന്റെ കഥയാണ് കേൾക്കുന്നത്. അമരകഥയും മുക്കണ്ണിന്റെ കഥയുമെല്ലാം ഇതുതന്നെയാണ്. ഈ കഥ ഇപ്പോൾ മാത്രമാണ് നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നത്.

നിങ്ങൾ കുട്ടികൾ വിശ്വത്തിലെ അധികാരികളായിരുന്നു പിന്നീട് 84 ജന്മങ്ങളെടുത്ത് താഴെ ഇറങ്ങി വന്നു. വീണ്ടും ആദ്യ നമ്പറിലുള്ള ജന്മമെടുക്കും. ആദ്യ ജന്മത്തിൽ നിങ്ങൾ വളരെ ഉയർന്ന പദവിയാണ് നേടുന്നത്. രാമൻ അന്തസ്സുള്ളവരാക്കി മാറ്റുന്നു, രാവണൻ അന്തസ്സില്ലാത്തവരാക്കി മാറ്റുന്നു. ഈ ജ്ഞാനത്തിലൂടെ നിങ്ങൾ മുക്തിയും ജീവൻ മുക്തിയും നേടുന്നു. അരകല്പം രാവണന്റെ പേരു പോലും ഉണ്ടായിരിക്കുകയില്ല. ഈ കാര്യങ്ങളെല്ലാം നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. കല്പ-കല്പം ഇതു പോലെ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് വിവേകശാലികളായി മാറും. മായ തെറ്റ് ചെയ്യിപ്പിക്കും. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നതു തന്നെ മറന്നു പോകും. ഭഗവാനാണ് പഠിപ്പിക്കുന്നത്. ഭഗവാൻ നമ്മുടെ ടീച്ചറായി മാറുന്നു. എന്നിട്ടും ആബ്സന്റാവുന്നു, പഠിക്കുന്നില്ല. വാതിൽതോറും അലയുന്ന സ്വഭാവം വിട്ടിട്ടില്ല. പഠിപ്പിൽ ശ്രദ്ധയില്ലാത്തവരെ ജോലിക്കു വിടുകയാണു വേണ്ടത്. അലക്കുകാരന്റെ ജോലിയെല്ലാം ചെയ്യാൻ പഠിപ്പിന്റെ ആവശ്യമെന്താണ്? വ്യാപാരത്തിലൂടെ മനുഷ്യർ കോടിപതിയായി മാറുന്നു. ജോലിയിലൂടെ ഇത്രയൊന്നും ലഭിക്കില്ല. ജോലിക്ക് നിർദ്ദിഷ്ട ശമ്പളം മാത്രമേ ലഭിക്കുകയുള്ളു. ഇപ്പോൾ നിങ്ങൾ പഠിക്കുന്നത് വിശ്വത്തിന്റെ ചക്രവർത്തിയാകുന്നതിനുള്ള പഠനമാണ്. നമ്മൾ ഭാരതവാസിയാണെന്ന് പറയാറുണ്ടല്ലോ. പിന്നീട് നിങ്ങളെയും വിശ്വത്തിന്റെ അധികാരി എന്ന് പറയും. അവിടെ ദേവി ദേവത ധർമ്മമല്ലാതെ വേറൊരു ധർമ്മവും ഉണ്ടായിരിക്കുകയില്ല. ബാബ നിങ്ങളെ വിശ്വത്തിലെ അധികാരിയാക്കി മാറ്റുന്നതുകൊണ്ട് ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കണം. വികാരത്തിന്റെ ഒരു ഭൂതവും ഉണ്ടാകരുത്. ഈ ഭൂതങ്ങൾ വളരെധികം ബുദ്ധിമുട്ടിക്കും. കാമിയുടെ ആരോഗ്യം വളരെ മോശമാകും. ശക്തി കുറയുന്നു. ഈ കാമ വികാരം നിങ്ങളുടെ ശക്തിയെ തികച്ചും ഇല്ലാതാക്കിക്കളഞ്ഞു. ഇതിന്റെ ഫലമായി ആയുസ്സ് കുറഞ്ഞു. ഭോഗിയായി മാറി. കാമിയും ഭോഗിയും രോഗിയുമായി മാറി. അവിടെ വികാരമുണ്ടായിരിക്കുകയില്ല. യോഗി സദാ ആരോഗ്യവാനായിരിക്കും. ആയുസ്സും 150 വർഷം ഉണ്ടാകും. അവിടെ കാലൻ ഭക്ഷിക്കുകയില്ല. ഇതിന്റെ ഉദാഹരണമായി ഒരു കഥയുമുണ്ടല്ലോ – ആരോടോ ചോദിച്ചു, ആദ്യം സുഖം വേണോ അതോ ദുഃഖം വേണോ? ആരോ സൂചന കൊടുത്തു-ആദ്യം സുഖം വേണമെന്ന് പറയൂ. കാരണം സുഖത്തിലേക്കു പോയാൽ പിന്നെ അവിടെ കാലന് വരാനേ കഴിയില്ല. ഉള്ളിൽക്കടക്കാൻ കഴിയില്ല. ഇങ്ങനെ ഒരു കഥ ഉണ്ടാക്കിയിരിക്കുകയാണ്. ബാബയും മനസിലാക്കിത്തരികയാണ്, നിങ്ങൾ സുഖധാമത്തിലായിരിക്കുമ്പോൾ അവിടെ കാലൻ ഉണ്ടായിരിക്കുകയില്ല. രാവണരാജ്യമേയില്ല. പിന്നീട് വികാരിയാവുമ്പോൾ കാലൻ വരുന്നു. എത്ര കഥകളാണ് ഉണ്ടാക്കിയിരിക്കുന്നത് – കാലൻ കൊണ്ടുപോയി, അങ്ങിനെ സംഭവിച്ചു... എന്നെല്ലാം. കാലനെയും കാണാൻ സാധിക്കില്ല, ആത്മാവിനെയും കാണാൻ സാധിക്കില്ല. ഇതെല്ലാം കെട്ടുകഥകളാണ്. കാതിനിമ്പം തരുന്ന അനേകം കഥകളുണ്ട്. അവിടെ ഒരിക്കലും അകാല മൃത്യു ഉണ്ടാവുകയില്ല എന്ന് ബാബ മനസ്സിലാക്കി തരുന്നു. ആയുസ്സ് കൂടുതലായിരിക്കും, പവിത്രമായിരിക്കും. 16 കലയുണ്ടാകും. പിന്നീട് കല കുറഞ്ഞ് കുറഞ്ഞ് ഒരു കലയും ഇല്ലാത്തവരായി മാറുന്നു. (അപ്പോഴാണ് പാടുന്നത്) ഞാൻ നിർഗുണനാണ്, എന്നിൽ യാതൊരു ഗുണവുമില്ല. നിർഗുണരുടെ ഒരു സംഘടനയുമുണ്ട്. ഞങ്ങളിൽ യാതൊരു ഗുണവുമില്ല എന്ന് പറയുന്നു. ഞങ്ങളെ ഗുണവാനാക്കി മാറ്റൂ, സർവ്വഗുണ സമ്പന്നനാക്കി മാറ്റൂ... ബാബ പറയുന്നു-പവിത്രമായി മാറൂ. എല്ലാവർക്കും മരിക്കുക തന്നെ വേണം. സത്യയുഗത്തിൽ ഇത്രയധികം മനുഷ്യരുണ്ടാകില്ല. ഇപ്പോൾ എത്ര കൂടുതലായിരിക്കുന്നു. അവിടെ യോഗബലത്തിലൂടെയാണ് കുട്ടികൾ ജനിക്കുന്നത്. ഇവിടെയാണെങ്കിൽ നോക്കൂ എത്രയധികം കുട്ടികളാണ് ജനിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ടും ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ എന്ന്. ആ ബാബയാണ് പഠിപ്പിക്കുന്നത്, പഠിപ്പിക്കുന്ന ടീച്ചറെ ഓർമ്മയുണ്ടാകുമല്ലോ. നിങ്ങൾക്കറിയാം ശിവബാബയാണ് നമ്മളെ പഠിപ്പിക്കുന്നത്. എന്താണ് പഠിപ്പിക്കുന്നതെന്നും നിങ്ങൾക്കറിയാം. അതുകൊണ്ട് അച്ഛൻ അഥവാ ടീച്ചറുമായി യോഗം വെയ്ക്കണം. ജ്ഞാനം വളരെ ഉയർന്നതാണ്. ഇപ്പോൾ നിങ്ങളുടെത് വിദ്യാർത്ഥി ജീവിതമാണ്. കുട്ടികളും മുതിർന്നവരും യുവാക്കളും എല്ലാം ഒരുമിച്ചിരുന്ന് പഠിക്കുന്ന ഒരു യൂണിവേഴ്സിറ്റി വേറെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ. ഒരേയൊരു സ്കൂൾ, പഠിപ്പിക്കുന്നതും ഒരാൾ, അതിൽ സ്വയം ബ്രഹ്മാവും ഇരുന്നു പഠിക്കുന്നു. അത്ഭുതമല്ലേ. ശിവബാബയാണ് പഠിപ്പിക്കുന്നത്. ഈ ബ്രഹ്മാവും കേൾക്കുന്നുണ്ട്. കുട്ടിയോ വൃദ്ധനോ ആകട്ടെ പഠിക്കാൻ സാധിക്കും. ഈ ജ്ഞാനം നിങ്ങളും പഠിക്കുകയാണല്ലോ. പഠനം ആരംഭിച്ചിരിക്കുകയാണ്. പ്രതിദിനം സമയം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

നിങ്ങൾ ഇപ്പോൾ പരിധിയില്ലാത്തതിലേക്ക് കടന്നുകഴിഞ്ഞു. 5000 വർഷത്തിന്റെ ചക്രം എങ്ങനെ കടന്നുപോകുന്നുവെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ആദ്യം ഒരു ധർമ്മം മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എത്ര മതങ്ങളാണ്. ഇപ്പോൾ സ്വരാജ്യം എന്നു പറയില്ല. ഇതിനെയാണ് പറയുന്നത് പ്രജയുടെമേൽ പ്രജയുടെ ഭരണം. ആദ്യം വളരെ ശക്തിശാലിയായ ധർമ്മമായിരുന്നു. മുഴുവൻ വിശ്വത്തിന്റെ അധികാരിയായിരുന്നു. ഇപ്പോൾ അധർമ്മികളായി മാറിക്കഴിഞ്ഞു. ഒരു ധർമ്മവുമില്ല. എല്ലാവരിലും 5 വികാരങ്ങളുണ്ട്. പരിധിയില്ലാത്ത ബാബ പറയുകയാണ് കുട്ടികളെ ക്ഷമയോടെയിരിക്കൂ, ബാക്കി കുറച്ചു സമയം മാത്രമേ നിങ്ങൾ ഈ രാവണരാജ്യത്തിൽ ഉണ്ടാവുകയുള്ളൂ. നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ പിന്നീട് സുഖധാമത്തിലേക്ക് പോകും. ഇത് ദുഃഖധാമമാണ്. നിങ്ങൾ ശാന്തിധാമത്തെയും സുഖധാമത്തെയും ഓർമ്മിക്കൂ, ഈ ദുഃഖധാമത്തെ മറക്കൂ. ആത്മാക്കളുടെ അച്ഛൻ നിർദേശം നൽകുകയാണ് - അല്ലയോ ആത്മീയ കുട്ടികളേ! ആത്മീയ കുട്ടികൾ ശരീരത്തിലെ അവയവങ്ങളുപയോഗിച്ച് കേട്ടു. നിങ്ങൾ കുട്ടികൾ എപ്പോഴാണോ സത്യയുഗത്തിൽ സതോപ്രധാനമായിരുന്നത് അപ്പോൾ നിങ്ങളുടെ ശരീരവും സതോപ്രധാനമായിരുന്നു. നിങ്ങൾ വളരെയധികം ധനവാനായിരുന്നു പിന്നീട് പുനർജന്മം എടുത്ത് എടുത്ത് എന്തായിത്തീർന്നു. രാത്രിയും പകലും പോലെയുള്ള മാറ്റം. പകലിൽ നമ്മൾ സ്വർഗത്തിലായിരുന്നു, രാത്രിയിൽ നരകത്തിലാണ്. ഇതിനെയാണ് ബ്രഹ്മാവിന്റെ അല്ലെങ്കിൽ ബ്രാഹ്മണരുടെ പകലും രാത്രിയും എന്നു പറയുന്നത്. 63 ജന്മവും അലഞ്ഞുകൊണ്ടിരുന്നു. ഇരുട്ടു നിറഞ്ഞ രാത്രിയല്ലേ. അലയുകയായിരുന്നു. ഭഗവാനെ ആർക്കും ലഭിച്ചതില്ല. ഇതിനെയാണ് ഓർമ്മയുടെയും മറവിയുടെയും കളിയെന്നു പറയുന്നത്. ബാബ നിങ്ങൾ കുട്ടികളെ മുഴുവൻ സൃഷ്ടിയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ വാർത്ത കേൾപ്പിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വാതിലുകൾ തോറും അലയുന്ന സ്വഭാവം ഉപേക്ഷിച്ച് ഭഗവാന്റെ പഠിപ്പ് ശ്രദ്ധയോടുകൂടി പഠിക്കണം. ഒരിക്കലും ആബ്സന്റ് ആകരുത്. തീർച്ചയായും ബാബക്ക് സമാനം ടീച്ചറാകണം. പഠിച്ചതിനുശേഷം പഠിപ്പിക്കണം.

2) സത്യനാരായണന്റെ സത്യമായ കഥകേട്ട് നരനിൽ നിന്നും നാരായണനായി മാറണം. ഇങ്ങനെ സ്വയം അവനവനെ അന്തസ്സുള്ളവരാക്കി മാറ്റണം. ഒരിക്കലും ഭൂതങ്ങൾക്ക് വശപ്പെട്ട് തന്റെ അന്തസ്സ് നഷ്ടപ്പെടുത്തരുത്.

## വരദാനം:- സംബന്ധത്തിന്റെയും പ്രാപ്തികളുടെയും സ്മൃതിയിലൂടെ സദാ സന്തോഷ ത്തിൽ കഴിയുന്ന സഹജയോഗിയാകൂ.

സഹജയോഗത്തിന്റെ ആധാരമാണ്- സംബന്ധവും പ്രാപ്തിയും. സംബന്ധത്തിന്റെ ആധാരത്തിൽ സ്നേഹം ജനിക്കുന്നു. എവിടെ പ്രാപ്തികൾ ഉണ്ടാകുമോ അവിടെ മനസും ബുദ്ധിയും സഹജമായി തന്നെ പോകു ന്നു. അപ്പോൾ സംബന്ധത്തിൽ എന്റേതെന്ന അധികാരത്തോടെ ഓർമിക്കൂ, ഹൃദയം കൊണ്ട് പറയൂ എന്റെ ബാബ. ബാബയിലൂടെ ശക്തികളുടെ, ജ്ഞാനത്തിന്റെ, ഗുണങ്ങളുടെ, സുഖ-ശാന്തിയുടെ, ആന ന്ദം, പ്രേമത്തിന്റെ എന്തെല്ലാം ഖജനാവ് ലഭിച്ചുവോ അവയെ സ്മൃതിയിൽ പ്രത്യക്ഷമാക്കൂ, അതിലൂടെ അപാര സന്തോഷമുണ്ടാകും, സഹജയോഗിയുമാകും.

## സ്ലോഗൻ:-ദേഹബോധത്തിൽ നിന്ന് മുക്തമാകൂ എങ്കിൽ മറ്റെല്ലാ ബന്ധനങ്ങളും സ്വതവേ അവസാനിക്കും